# ഉപജില്ലാ സമിതി സിറ്റിംഗ് - 20-07-2023

20-07-2023 ന് രാവിലെ 10.30 ന്പയ്യന്നൂർ താലൂക്ക് ഓഫീസിലെ പി എ യു ഓഫീസിൽ വെച്ച് ചേർന്ന ഉപജില്ലാ സമിതി 1 ന്റെ യോഗത്തിൽ പങ്കെടുത്തവരും യോഗതീരുമാനങ്ങളും.

1. അനിൽ കെ എൻ ഐ വി ഒ/എ ഡി, എൽ എസ് ജി ഡി
2. നിഥിൻകുമാർ എസ് ഡപ്യൂട്ടി ടൌൺ പ്ലാനർ, എൽ എസ് ജി ഡി,

ഉപജില്ലാ സമിതി യോഗം 11 മണിക്ക് ആരംഭിച്ചു. യോഗത്തിൽ 04-07-2023 ന്റെ സിറ്റിംഗിൽ ലഭിച്ച പരാതികൾ പരിശോധിച്ച് ഉപജില്ലാ സമിതി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് പെരിങ്ങോം വയക്കര, കാങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളലെ സെക്രട്ടറിമാർ ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ചു.

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്, കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാങ്ങളെടുത്തു.

1.പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നമ്പർ ലഭിക്കുന്നതിനും ശ്രീ ചന്ദ്രശേഖരൻ നൽകിയ അപേക്ഷയിൽ ശ്രീ ചന്ദ്രശേഖരന്റെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട് എന്ന പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14-07-2023ലെ എ2-2702/2023 നമ്പർ കത്ത് പ്രകാരം ശ്രീ ചന്ദ്രശേഖരന്റെ അപേക്ഷ അന്തിമമായി തീർപ്പാക്കുന്നതിന് തീരുമാനിച്ചു..

2.പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്തിൽ പൂർത്തിയായ ഭവനത്തിന് നമ്പർ ലഭിക്കുന്നതിനായി ശ്രീ പെടച്ചി ചന്ദ്രൻ നൽകിയ അപേക്ഷയിൻ മേൽ ശ്രീ പെടച്ചി ചന്ദ്രന്റെ ഭവനത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട് എന്ന പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14-07-2023ലെ എ2-2702/2023 നമ്പർ കത്ത് പരിഗണിച്ച് ശ്രീ പെടച്ചി ചന്ദ്രന്റെ അപേക്ഷ അന്തിമമായി തീർപ്പാക്കുന്നതിന് തീരുമാനിച്ചു

3..പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വീടിന് മുകളിൽ അധികമായി എടുത്ത നിർമ്മിതി ക്രമവൽക്കരിക്കുന്നതിന് ശ്രീ കൊട്ടാരംവീട്ടിൽ രാജുവിന്റെ അപേക്ഷയിൽ അധിക നിർമ്മിതി ക്രമവൽക്കരിച്ച് നികുതി പരിഷ്ക്കരിച്ചിട്ടുണ്ട് എന്ന പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14-07-2023ലെ എ2-

2702/2023 നമ്പർ കത്ത് പരിഗണിച്ച് ശ്രീ കൊട്ടാരം വീട്ടിൽ രാജുവിന്റെ അപേക്ഷ അന്തിമമായി തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

4.കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനനിർമ്മാണത്തിനായി എൻ ഒ സി ലഭിക്കുന്നതിന് ശ്രീ ഷഹുൽ ഹമീദ് നൽകിയ അപേക്ഷയിൽ ലൈഫ് ഭവന നിർമ്മിക്കുന്നതിന് ശ്രീ ഷഹുൽ ഹമീദിന് 04-07-2023ന് എൻ ഒ സി നൽകിയിട്ടുണ്ട് എന്ന കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20-04-2023 ലെ 401029/ **GGDC08/GPO/2023/3251/(1**) കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ഷാഹുൽഹമീദിന്റെ അപേക്ഷ അന്തിമമായി തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

ഉപജില്ലാ സമിതി യോഗം 1 മണിക്ക് അവസാനിച്ചു.

അനിൽ കെ എൻ

കൺവീനർ

ഉപജില്ലാ സമിതി 1 കണ്ണൂർ